"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം- ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1575/2025/LSGD  തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. സ.ഉ(പി) നം, 27/2021/ധന തീയതി. 05.05.2025
2. സ.ഉ(സാധാ) നം. 2061/2024/തസ്വഭവ തീയതി. 29/10/2024
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 05.05.2025 തീയതിയിലെ LSGD/PD/13796/2024-DEH3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയുടെ 2 5 % പേർക്ക് പരാമർശം ( 1 ) ഉത്തരവ് പ്രകാരം റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെന്നും, നിലവിൽ വകുപ്പിൽ 26 ടൗൺ പ്ലാനർ തസ്തികയാണുള്ളതെന്നും ആയതിന്റെ 25% ആയ 6 ടൗൺ പ്ലാനർമാർക്ക് റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹതയുണ്ടെന്നും, പരാമർശം (2) പ്രകാരം സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 15 വരെയുള്ളവർക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതായും ടി ജീവനക്കാർക്ക് ശേഷം സീനിയോറിറ്റി ലിസ്റ്റിൽ തുടർച്ചയായി വരുന്ന 6 ജീവനക്കാർക്ക് 107800-160000 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന/വിരമിച്ച ചുവടെ പരാമർശിക്കുന്ന 6 ജീവനക്കാർ ക്ക് , ടി പേരുകൾക്ക് ഒപ്പം പ്രതിപാദിച്ചിരിക്കുന്ന തീയതി പ്രാബല്യത്തിൽ പതിനൊന്നാം പേ റിവിഷൻ ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആകെയുള്ള ടൗൺ പ്ലാനർ തസ്തികയുടെ 25%-ൽ ഹയർ ഗ്രേഡ് അനുവദിച്ചവരുടെ എണ്ണം അധികരിക്കരുതെന്ന വ്യവസ്ഥയ്ക്കും, കെ.എസ്.ആർ ഭാഗം I റൂൾ 23(ഡി) പ്രകാരം ഹയർഗ്രേഡ് അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് തീയതി മുതൽ പരാമാവധി ഒരു

വർഷം മുൻപ് വരെ മാത്രമേ സമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന നിബന്ധനയ്ക്കും വിധേയമായി ടൗൺ പ്ലാനർ തസ്തികയിൽ 107800-160000 ശമ്പളസ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, പെൻ നമ്പർ | റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹമായ തീയതി |
|---|---|---|
| 1 | ഐഷ പി.എ.,<br>377579<br>(31/12/2024ന് വിരമിച്ചു) | 17/03/2024 |
| 2 | ജോസഫ് കെ. എഫ്.<br>377529 | 10/07/2024 |
| 3 | ഷാരി എം. വി.<br>592071 | 10/07/2024 |
| 4 | ദീപ വി. പി.<br>633828 | 10/07/2024 |
| 5 | ഷീബ എം. എം.<br>377523 | 26/11/2024 |
| 6 | ജിനുമോൾ വർഗ്ഗീസ്<br>596075 | 01/01/2025 (ഐഷ.പി.എ. 31.12.2024-ൽ വിരമിച്ച ഒഴിവിൽ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLY

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 24-06-2025 13:13:31